(ബി) ഒരു ടി. ബി. ക്ലിനിക്കു് സ്ഥാപിക്കുന്നതിനു് എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടു്;

(സി) ജനങ്ങൾ തിങ്ങി താമസിക്കുന്നസ്ഥലത്തു് ടി. ബി. ക്ലിനിക്കു സ്ഥാപിക്കാവുന്നതാണോ;

(ഡി) പനച്ചിക്കാട്ടു, കുറിച്ചി, വാഴപ്പള്ളി കിഴക്കു്, മാടപ്പള്ളി എന്നീ വില്ലേജുകളിൽ 1954–55–ൽ എത്രപേക്കു് ബി. സി. ജി-യും വാക്സിനേഷനും നടത്തിയിട്ടുണ്ടു്?

ഉത്തരം.

(എ) കോട്ടയത്തു് ചിങ്ങവനം എന്ന സ്ഥലത്തു് ഒരു ക്ലിനിക്കു സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടു്.

(ബി) കുറഞ്ഞതു് അഞ്ചു് ഏക്കർ സ്ഥലം വേണം.

(സി) സ്ഥാപിക്കാവുന്നതാണു്.

(ഡി)

	ബി. സി. ജി. ടെസ്റ്റു്.
പനച്ചിക്കാട്ടു്,	4376.
കുറിച്ചി,	3945
വാഴപ്പള്ളി കിഴക്കു്,	2924
മാടപ്പള്ളി	9467
	വാക്സിനേറ്റഡു്.
പനച്ചിക്കാട്ടു്,	1312
കുറിച്ചി,	1888
വാഴപ്പള്ളി കിഴക്കു്,	586
മാടപ്പള്ളി	2638

മസൂരി.

334. [16] ശ്രീ. പി. ജെ. സബാസ്റ്റ്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനച്ചിക്കാട്ടു്, കുറിച്ചി, വാഴപ്പള്ളി കിഴക്കു്, മാടപ്പള്ളി എന്നീ വില്ലേജുകളിൽ മസൂരിരോഗബാധയുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു പ്രതിവിധികൾ സ്വീകരിച്ചിട്ടുണ്ടു്?

ഉത്തരം.

(എ) ഈ സ്ഥലങ്ങളിൽ മസൂരിരോഗം ഉള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പനച്ചിക്കാട്ടു്, മാടപ്പള്ളി ഈ സ്ഥലങ്ങളിലുള്ള ചിലർക്കു് Chicken Pox പിടിപെട്ടിട്ടുള്ളതായി അറിയാം.

(ബി) രോഗം പടർന്നുപിടിക്കാതിരിക്കാൻ അച്ചുകുത്തുക, disinfection നടത്തുക മുതലായ നിവാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly